8253
16/8/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടി 2014 -15 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(00) NP ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ഒരു കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.495/14/സാനീവ തീയതി, തിരുവനന്തപുരം, 07.08.2014.

=====================================================================

പരാമർശം : കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.03.2014 ലെ 1466/പി3/14/കെ.എസ്.എസ്.എം നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഭരണപരമായ ചെലവുകൾക്കും 2014 - 15 വർഷത്തിൽ മിഷൻ മുഖേന നടപ്പാക്കുന്ന പുതിയ പദ്ധതി പ്രവർത്തനങ്ങൾക്കുമായി 2014 - 15 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(00) NP ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3.15 കോടി രൂപ അനുവദിച്ച് നൽകണമെന്ന് പരാമർശ കത്തു പ്രകാരം മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മിഷന്റെ ഭരണപരമായ ചെലവുകൾക്കും, മിഷൻ മുഖേന നടപ്പാക്കുന്ന പുതിയ പദ്ധതികൾക്കും, 2014-15 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(00) NP ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3.15 കോടി രൂപയിൽ നിന്നും ആദ്യ ഗഡുവായി ഒരു കോടി രൂപ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള special T.S.B അക്കൗണ്ട് നമ്പർ 15146-ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അനുമതി സാമൂഹ്യനീതി ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എൽ.എ. ഗ്രിഗോറിയസ്**

ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (190.7.2014 ലെ അനൗദ്യോഗിക കുറിപ്പ് നമ്പർ 47382/ww2/14/ധന പ്രകാരം)

✓വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി)

കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ